"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ആപത്ക്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ- മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ശേഖരിക്കുമ്പോൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് -ന് ഈടാക്കാൻ അനുമതി നൽകിയിട്ടുള്ള തുകയായ കിലോഗ്രാമിന് 50/- രൂപയും 18% ജി.എസ്.റ്റി.യും എന്നത് കിലോഗ്രാമിന് 55 രൂപയും 18% ജി.എസ്.റ്റി-യും എന്ന നിരക്കിലേയ്ക്ക് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡബ്ല്യൂ.എം) വകുപ്പ്

സ.ഉ.(സാധാ) നം.300/2025/LSGD തീയതി,തിരുവനന്തപുരം, 31-01-2025

---

പരാമർശം:-
1. സ.ഉ (സാധാ)നം. 479/2021/തസ്വഭവ തിയതി, 07/02/2021
2. ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ 21/06/2024 -ലെ 3744/CKCL/2024 നമ്പർ കത്ത്

**ഉത്തരവ്**

ആപത്ക്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കായി ശേഖരിക്കുമ്പോൾ കിലോഗ്രാമിന് 50/- രൂപ എന്ന നിരക്കിനൊപ്പം 18% സേവന നികുതി കൂടി അതാത് സ്ഥാപനങ്ങളിൽ നിന്ന് (സർക്കാർ / സർക്കാരിതര /പൊതുമേഖല സ്ഥാപനങ്ങൾ) ഈടാക്കുന്നതിന് പരാമർശം (1) പ്രകാരം ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ആപത്ക്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ എറണാകുളത്ത് പ്രവർത്തിക്കുന്ന TSDF സ്ഥാപനമായ കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.ഇ.ഐ. എൽ) എന്ന സ്ഥാപനത്തിലേക്കാണ് നൽകുന്നത് എന്നും ഇപ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും ശേഖരിക്കപ്പെടുന്ന ആപൽക്കരമായ ഇ-മാലിന്യങ്ങൾ, കയറ്റിറക്ക് കൂലി, ട്രാൻസ്പോർട്ടേഷൻ കൂടാതെ സംസ്കരണത്തിനായി നൽകുന്ന തുക ഉൾപ്പെടെ നിലവിൽ കമ്പനിക്ക് ഒരു കിലോഗ്രാമിന് 50/- രൂപ ആണ് ചിലവ് വരുന്നത് എന്നും ആയതിനാൽ നിലവിലെ നിരക്കിൽ ആപൽക്കരമായ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണം നടത്തുമ്പോൾ കമ്പനിക്ക് ലാഭകരമാകുന്നില്ല എന്ന് മാത്രമല്ല ചില സാഹചര്യങ്ങളിൽ നഷ്ടം സംഭവിക്കുന്നുണ്ട് എന്നും ആയതിനാൽ അനുമതി നൽകിയിട്ടുള്ള 50/-രൂപയും 18% ജി.എസ്.ടി-യും എന്ന നിരക്ക് ഭേദഗതി ചെയ്ത് 55/- രൂപയും 18% ജി.എസ്.ടി-യും എന്ന നിരക്കിലേക്ക് പുതുക്കി നിശ്ചയിക്കണം എന്നും പരാമർശം (2) പ്രകാരം ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ആവശ്യപ്പെട്ടു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആപത്ക്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കായി ശേഖരിക്കുമ്പോൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡ്-ന് ഈടാക്കാൻ അനുമതി നൽകിയിട്ടുള്ള തുകയായ കിലോഗ്രാമിന് 50/- രൂപയും 18% ജി.എസ്.റ്റി.യും എന്നത് കിലോഗ്രാമിന്

55/- രൂപയും 18% ജി.എസ്.റ്റി.യും എന്ന നിരക്കിലേക്ക് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

കോ ഓർഡിനേറ്റർ, നവകേരളം കർമപദ്ധതി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

ഡയറക്ടർ (അർബൻ /റൂറൽ )

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (G& SSA/E& RSA) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ & പി ആർ ഡി , വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Manish V V

Date: 31-01-2025 15:04:28

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്